അക്ഷയ തൃതീയ ഓഫറുമായി ജോയ് ആലുക്കാസ്

കൊച്ചി: ജൂവലറി ഗ്രൂപ്പായ ജോയ് ആലുക്കാസ് അക്ഷയ തൃതീയ പ്രമാണിച്ച് ക്യാഷ്ബാക്ക് ഓഫറുകൾ പ്രഖ്യാപിച്ചു.

50,000 രൂപയോ അതിൽ കൂടുതലോ വില വരുന്ന ഡയമണ്ട്- അൺകട്ട് ഡയമണ്ട് ആഭരണങ്ങൾ വാങ്ങുന്നവർക്കായി 2000 രൂപയുടെ സൗജന്യ ഗിഫ്റ്റ് വൗച്ചറുകൾ ലഭിക്കും. മേയ് 12 വരെയാണ് ഓഫറിന്റെ കാലാവധി. 50,000 രൂപയോ അതിൽ അധികമോ വിലവരുന്ന സ്വർണാഭരണങ്ങൾ വാങ്ങുന്നവർക്കായി 1000 രൂപയുടെ സൗജന്യ ഗിഫ്റ്റ് വൗച്ചറുകളും, 10,000 രൂപയോ അതിലധികമോ വിലവരുന്ന വെള്ളി ആഭരണങ്ങൾ വാങ്ങുന്നവർക്കായി 500 രൂപയുടെ സൗജന്യ ഗിഫ്റ്റ് വൗച്ചറുകളും ലഭിക്കും.

മേയ് 3 മുതൽ 12 വരെയുള്ള പർച്ചേസുകൾക്കാണ് ഓഫറുകൾ ലഭിക്കുകയെന്ന് ജോയ് ആലുക്കാസ് ഗ്രൂപ്പ് എം.ഡിയും സി.ഇ.ഒയുമായ ജോയ് ആലുക്കാസ് പറഞ്ഞു.

സൗത്ത് ഇന്ത്യൻ ബാങ്കുമായി ടാറ്റമോട്ടോർസ് ധാരണ

കൊച്ചി: ടാറ്റ മോട്ടോർസ് സൗത്ത് ഇന്ത്യൻ ബാങ്കുമായി ധാരണാപത്രം ഒപ്പുവച്ചു.

വാണിജ്യ വാഹന ഉപഭോക്താക്കൾക്കും, ഡീലർഷിപ്പുകൾക്കും അനുയോജ്യമായ സാമ്പത്തിക പരിഹാരങ്ങൾ വാഗ്ദാനം ചെയ്യുന്നതിനാണ് ധാരാണപത്രം. ടാറ്റ മോട്ടോർസുമായുള്ള പങ്കാളിത്തത്തിലൂടെ വാണിജ്യ വാഹന ഡീലർമാർക്കും ഉപഭോക്താക്കൾക്കും വാഹന ഫൈനാൻസിംഗ് ഉറപ്പാക്കാൻ സാധിക്കുമെന്ന് സൗത്ത് ഇന്ത്യൻ ബാങ്ക് എംഡിയും സിഇഒയുമായ പി.ആർ ശേഷാദ്രി പറഞ്ഞു.

ബാങ്കുകൾ നയിച്ചു; വിപണി കുതിച്ചു

മുംബൈ: പൊതു-സ്വകാര്യ മേഖലാ ബാങ്കുകൾ 'ഒത്തൊരുമയോടെ' കുതിച്ചപ്പോൾ ഓഹരി വിപണിയിലും മുന്നേറ്റം. ആഗോള വിപണികളിൽനിന്നുള്ള പോസിറ്റീവ് ട്രെൻഡും ആഭ്യന്തര വിപണിക്ക് ഊർജമായി.

സെൻസെക്സിന്റെയും നിഫ്റ്റിയും തുടക്കം ചാഞ്ചാട്ടത്തോടെ ആയിരുന്നെങ്കിലും ഉച്ചയോടെ ആവേശം കൊട്ടിക്കയറുന്നതായിരുന്നു കാഴ്ച. സെൻസെക്സ് 941.12 പോയിന്റ് (+1.28 %) നേട്ടവുമായി 74,671.28ലും നിഫ്റ്റി 223.45 പോയിന്റ് (+1.00%) ഉയർന്ന് 22,643.40ലുമാണ് വ്യാപാരം അവസാനിപ്പിച്ചത്.

അമേരിക്ക, ജപ്പാൻ, ചൈന, ഹോങ്കോങ് വിപണികൾ നേട്ടത്തിലെത്തിയതും ക്രൂഡോയിൽ വിലയിടിവും ഇന്ത്യൻ വിപണിക്ക് ഗുണം ചെയ്തു.

ഐ.സി.ഐ.സി.ഐ ബാങ്കായിരുന്നു ഇന്നലെ നിഫ്റ്റി 50ൽ നേട്ടത്തിന് ചുക്കാൻ പിടിച്ചത്. ഐ.സി.ഐ.സി.ഐ ഓഹരികൾ നടത്തിയത് 4.38 ശതമാനം കയറ്റമായിരുന്നു. 2.98 ശതമാനവുമായി ഇൻഡസ്ഇൻഡ് ബാങ്കും 2.96 ശതമാനം ഉയർന്ന് എസ്.ബി.ഐയും തൊട്ടുപിന്നിലെത്തി.

കൂടുതൽ നിരാശപ്പെടുത്തിയത് എച്ച്.സി.എൽ ടെക്കാണ്; ഓഹരി 5.80 ശതമാനം ഇടിഞ്ഞു. 4.66 ശതമാനം താഴ്ന്ന അപ്പോളോ ഹോസ്പിറ്റൽസാണ് തൊട്ടുപിന്നിലുള്ളത്. നിഫ്റ്റി 50ൽ 32 ഓഹരികൾ നേട്ടത്തിലും 18 എണ്ണം താഴ്ചയിലുമായിരുന്നു.

ബി.എസ്.ഇയിൽ 4,088 ഓഹരികൾ വ്യാപാരം ചെയ്യപ്പെട്ടതിൽ 1,982 എണ്ണം നേട്ടത്തിലും 1,934 എണ്ണം നഷ്ടത്തിലുമായിരുന്നു. 172 ഓഹരികളുടെ വില മാറിയില്ല. 284 ഓഹരികൾ 52-ആഴ്ചത്തെ ഉയരവും 11 എണ്ണം താഴ്ചയും കണ്ടു.

അപ്പർ-സർക്യൂട്ട് കാലിയായിരുന്നു. ലോവർ-സർക്യൂട്ടിൽ 4 കമ്പനികളുണ്ടായിരുന്നു. ബി.എസ്.ഇയിലെ ലിസ്റ്റഡ് കമ്പനികളുടെ സംയോജിത വിപണിമൂല്യം ഇന്നലെ 2.48 ലക്ഷം കോടി രൂപ വർധിച്ച് റെക്കോഡായ 406.52 ലക്ഷം കോടിയിലെത്തി.

മാത്രമല്ല, ഇന്ത്യയിലെ ലിസ്റ്റഡ് കമ്പനികളിൽ 8 ലക്ഷം കോടി രൂപ വിപണിമൂല്യം കടക്കുന്ന ആറാമത്തെ കമ്പനിയെന്ന പട്ടവും ബാങ്ക് ഇന്ന് സ്വന്തമാക്കി. 8.14 ലക്ഷം കോടി രൂപയാണ് നിലവിൽ മൂല്യം. ഈ നാഴികക്കല്ല് താണ്ടിയ രണ്ടാമത്തെ മാത്രം ബാങ്കുമാണ് ഐ.സി.ഐ.സി.ഐ ബാങ്ക്.

20.4 ലക്ഷം കോടി രൂപയുമായി റിലയൻസ് ഇൻഡസ്ട്രീസാണ് ഏറ്റവും മൂല്യമേറിയ കമ്പനി. ടി.സി.എസ് 15 ലക്ഷം കോടിയോളം രൂപ മൂല്യവുമായി രണ്ടാമതുണ്ട്. എച്ച്.ഡി.എഫ്.സി ബാങ്ക്, ഇൻഫോസിസ്, ഭാരതി എയർടെൽ എന്നിവയുമാണ് ഐ.സി.ഐ.സി.ഐ ബാങ്കിന് മുന്നിലുള്ളത്.

കേരള ഓഹരികളിൽ കൂടുതൽ തിളങ്ങിയത് ജിയോജിത്തും ഹാരിസൺസ് മലയാളവുമാണ്. ജിയോജിത് 5.40 ശതമാനം, ഹാരിസൺസ് മലയാളം 9.99 ശതമാനം എന്നിങ്ങനെ ഉയർന്നു.

❑ വിലനിലവാരം

സ്വർണം പവന്..... 53,240

കൊച്ചി

● വെളിച്ചെണ്ണ
- മില്ലിങ്..... 15,500
- വെളിച്ചെണ്ണ..... 16,000
- കൊപ്ര.....10250-10450

● പിണ്ണാക്ക്
- എക്സ്പെല്ലർ..... 2700
- റോട്ടറി..... 3000

● കുരുമുളക്
- പുതിയത്..... 55,800
- അൺഗാർബിൾഡ്..... 56,800
- ഗാർബിൾഡ്..... 58,800

● ചുക്ക്
- മീഡിയം..... 36,000
- ബെസ്റ്റ്..... 38,000

● മഞ്ഞൾ
- നാടൻ..... 15,000-17,000
- സേലം.....ഇല്ല
- ഈറോഡ് ഇല്ല
- കാഞ്ഞിരക്കുരു..... 1850
- അടയ്ക്ക 30,000
- അടയ്ക്ക പുതിയത്..... 28,000
- പഞ്ചസാര..... 4120
- മുളക്.....27,500
- ഉഴുന്ന്.....10,900-11,600
- ചെറുപയർ..... 10,300-11,800
- കടല..... 6300-9800
- മുതിര..... 7500
- എള്ള്..... 20,000
- മല്ലി..... 7800-9200
- പച്ചരി നമ്പർ 1 4600
- പുഴുക്കലരി (ജയ)..... 4200

● ജാതിക്ക
- ജാതിക്കതൊണ്ടൻകിലോ- 220-260
- ജാതിക്കതൊണ്ടില്ലാത്ത് -420-460
- ജാതിപത്രിചുവപ്പ്മഞ്ഞ -1000-1400
- ജാതി ഫ്ളവർ ചുവപ്പ്-1300-1600
- ജാതി ഫ്ളവർ മഞ്ഞ-1400-1650
- ഗ്രാമ്പൂ - 900-960

● കാലടി വിപണി
- ജാതിക്കതൊണ്ടൻകിലോ- 230-260
- ജാതിക്കതൊണ്ടില്ലാത്ത് -420-460
- ജാതിപത്രിചുവപ്പ്മഞ്ഞ -1000-1400
- ഫ്ളവർ ചുവപ്പ്മഞ്ഞ-1400-1650
- സ്വർണം (1 ഗ്രാം)..... 6655
- സ്വർണം (8 ഗ്രാം)..... 53,240
- ഒട്ടുപാൽ..... 11,000
- ലാറ്റക്സ്..... 11,700
- പാംഓയിൽ 9250

● അവധി വ്യാപാരം

സ്വർണം
- ജൂൺ..... 471499
- ഓഗസ്റ്റ് 471532

റബർ ബോർഡ്

● കോട്ടയം
- ആർ.എസ്.എസ്.4..... 18,050
- ആർ.എസ്.എസ്.5..... 17,750
- ഐ.എസ്.എൻ.ആർ-20..... 15,600
- ലാറ്റക്സ് 60%..... 12,785

● കൊച്ചി
- ആർ.എസ്.എസ്.4..... 18,050
- ആർ.എസ്.എസ്.5..... 17,750

● കലാലംപൂർ
- ഐ.എസ്.എൻ.ആർ-20..... 13451
- ഡോളർ.....161.40
- ലാറ്റക്സ് 60%..... 12388
- ഡോളർ..... 148.65

● ബാങ്കോക്ക്
- ആർ.എസ്.എസ്. 1..... 19054
- ആർ.എസ്.എസ്. 2..... 18919
- ആർ.എസ്.എസ്. 3..... 18795
- ആർ.എസ്.എസ്. 4..... 18727
- ആർ.എസ്.എസ്. 5..... 18626

● ആലപ്പുഴ
- വെളിച്ചെണ്ണ - 15600-16200
- കൊപ്ര തെളിവ് - 10200
- കൊപ്ര ഓടെ - 10150
- കൊപ്ര രാശി - 10100
- സ്വർണം ഒരു ഗ്രാം - 6665
- സ്വർണം എട്ടു ഗ്രാം - 53240
- തങ്കം 10 ഗ്രാം -69550

❑ വിനിമയം

- ഡോളർ..... 83.54
- പൗണ്ട്..... 104.64
- യൂറോ..... 89.47
- സ്വിസ്ഫ്രാങ്ക്..... 91.63
- സിംഗപ്പൂർ ഡോളർ..... 61.43
- ഓസ്ട്രേലിയൻ.....54.85
- കനേഡിയൻ..... 61.18
- ബഹ്റൈൻ ദിനാർ..... 221.25
- കുവൈത്ത് ദിനാർ..... 270.06
- ഒമാനി റിയാൽ..... 216.50
- സൗദി റിയാൽ..... 22.23
- ഖത്തർ റിയാൽ..... 22.85
- യു.എ.ഇ. ദിർഹം..... 22.72

● രാജസ്ഥാൻ സ്വദേശി പിടിയിൽ

ചെന്നൈയിൽ മലയാളി ദമ്പതികൾ കൊല്ലപ്പെട്ടു

എരുമേലി: ചെന്നൈയിൽ കുടുംബസമേതം താമസമാക്കിയ മലയാളി ദമ്പതികളെ കഴുത്തറുത്ത് കൊലപ്പെടുത്തി. എരുമേലി ഒഴക്കനാട് പുഷ്പവിലാസം പരേതനായ പുരുഷോത്തമന്റെ മകൾ പ്രസന്ന കുമാരി (62), ഭർത്താവ് പാലാ സ്വദേശി ശിവൻ നായർ (72) എന്നിവരാണ് ഞായറാഴ്ച രാത്രിയിൽ ചെന്നൈയിലെ വീട്ടിൽ കൊല്ലപ്പെട്ടത്. നൂറ് പവനോളം സ്വർണ ആഭരണങ്ങൾ കവർച്ച ചെയ്തിട്ടുണ്ടെന്നാണ് കരുതുന്നത്.

●കൊല്ലപ്പെട്ട പ്രസന്നകുമാരിയും ശിവൻ നായരും

സംഭവത്തിൽ രാജസ്ഥാൻ സ്വദേശി മഹേഷ് പിടിയിലായി. ചെന്നൈയിൽ ഹാർഡ് വെയർ സ്ഥാപനത്തിൽ ജീവനക്കാരനാണ് ഇയാൾ. കൊലപാതകം സംബന്ധിച്ച് പോലീസ് അന്വേഷണം ആരംഭിച്ചു. കൊലപാതകം നടന്ന വീട്ടിൽനിന്നു പോലീസ് ഒരു സെൽഫോൺ കണ്ടെത്തിയിരുന്നു. ഈ ഫോൺ കേന്ദ്രീകരിച്ചു നടത്തിയ അന്വേഷണത്തിലാണ് മഹേഷ് പിടിയിലാകുന്നത്. കൊലപാതകത്തിൽ കൂടുതൽ പ്രതികൾ ഉൾപ്പെട്ടിട്ടുണ്ടോയെന്നതിൽ അന്വേഷണം തുടരുകയാണ്.

കരസേനയിൽ നിന്നു വിരമിച്ച, സിദ്ധ ഡോക്ടർ കൂടിയായ ശിവൻ നായർ ചെന്നൈ മുത്താപ്പുതുപ്പെട്ടിൽ ഗാന്ധിനഗറിൽ വീടിനോട് ചേർന്നു ക്ലിനിക് നടത്തിയിരുന്നു. ഈ ക്ലിനിക്കിൽ രോഗികളെന്ന വ്യാജേനെ എത്തിയവർ ശിവൻ നായരെയും പ്രസന്ന കുമാരിയെയും കൊലപ്പെടുത്തിയെന്നാണ് ബന്ധുക്കൾക്ക് ലഭിച്ച വിവരം. പ്രസന്ന കുമാരിയുടെ കുടുംബ വീട് എരുമേലി ഒഴക്കനാടാണ്. ചെന്നൈയിൽ കേന്ദ്രീയ വിദ്യാലയത്തിലെ റിട്ട. അധ്യാപികയായിരുന്നു പ്രസന്ന കുമാരി. ഇവരുടെ മക്കൾ വിദേശത്താണ്. മൃതദേഹങ്ങൾ പോസ്റ്റ്മോർട്ടത്തിനും പോലിസ് നടപടികൾക്കും ശേഷം ബന്ധുക്കൾക്ക് വിട്ടു നൽകുമെന്ന് അറിയിച്ചിട്ടുണ്ട്. സംഭവം സംബന്ധിച്ച് ഊർജിത അന്വേഷണം ബന്ധുക്കൾ ആവശ്യപ്പെട്ടിട്ടുണ്ട്. നേരത്തെ ക്ലിനിക്കിൽ വന്ന് പരിചയം ഉള്ള സംഘമാണ് ഇരട്ടക്കൊലപാതകം നടത്തിയതെന്ന് സംശയിക്കുന്നു.

എം.ജി.

പരീക്ഷാ രജിസ്ട്രേഷൻ

2022-2023 അക്കാദമിക് വർഷ പ്രൈവറ്റ് രജിസ്ട്രേഷൻ ബിരുദ ബാച്ചിലേക്ക് ബിഎ ഇംഗ്ലീഷ് ലാംഗ്വേജ് ആൻറ് ലിറ്ററേച്ചർ, ബിഎ സംസ്കൃതം ലാംഗ്വേജ് ആൻറ് ലിറ്ററേച്ചർ(ജനറൽ), ബിഎ മലയാളം, ബിഎ ഹിന്ദി, ബിഎ അറബിക് കോഴ്സുകളിലേക്ക് മൂന്നാം സെമസ്റ്ററിൽ പുന:പ്രവേശനം നേടിയ പ്രൈവറ്റ് രജിസ്ട്രേഷൻ വിദ്യാർഥികൾക്ക് നാലാം സെമസ്റ്റർ(2022 അഡ്മിഷൻ റഗുലർ, 2021 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2017, 2018, 2019, 2020, 2021 അഡ്മിഷൻ റീഅപ്പിയറൻസ്) പ്രൈവറ്റ് രജിസ്ട്രേഷൻ വിജ്ഞാപന പ്രകാരമുള്ള പരീക്ഷാ ഫീസ് അടച്ച് രജിസ്റ്റർ ചെയ്യാം.

പരീക്ഷാ ഫലം

സ്കൂൾ ഓഫ് ബയോസയൻസ് മുനുവരിയിൽ നടത്തിയ ഒന്നാം സെമസ്റ്റർ എംഎസ്സി മൈക്രോബയോളജി, ബയോടെക്നോളജി, ബയോകെമിസ്ട്രി ആൻറ് ബയോഫിസിക്സ് (ഫാക്കൽറ്റി ഓഫ് സയൻസസ് - 2023-2025 ബാച്ച് റഗുലർ, 2022-2024, 2021-2023 ബാച്ച് റീഅപ്പിയറൻസ്) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു.

●മൂന്നാം സെമസ്റ്റർ എം എസ്സി ഇൻഡസ്ട്രിയൽ കെമിസ്ട്രി(2022 അഡ്മിഷൻ റഗുലർ, 2019, 2020, 2021 അഡ്മിഷൻ സപ്ലിമെൻററി) പരീക്ഷാ ഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കുമുള്ള അപേക്ഷകൾ നിശ്ചിത ഫീസ് അടച്ച് 13 വരെ ഓൺലൈനിൽ സമർപ്പിക്കാം.

ക്യാഷ് റീസൈക്ലിങ് മെഷീനുകളുമായി ഹിറ്റാച്ചി; അടിമുടി മാറും എ.ടി.എമ്മുകൾ

മുംബൈ: രാജ്യത്തെ പുതിയ എ.ടി.എമ്മുകൾ സ്ഥാപിക്കാൻ ഒരുങ്ങി ഹിറ്റാച്ചി പെയ്മെന്റ് സർവീസസ്. പുതിയതായി അവതരിപ്പിക്കുന്ന എടിഎമ്മുകൾ എപ്പോൾ വേണമെങ്കിലും ക്യാഷ് റീസൈക്ലിങ് മെഷീൻ ആക്കി മാറ്റാൻ സാധിക്കുന്നവയാണ്. ഒരേസമയം പണം പിൻവലിക്കാനും പണം നിക്ഷേപിക്കാനും സാധിക്കുന്നവയാണ് ക്യാഷ് റീസൈക്ലിംഗ് മെഷീനുകൾ.

'മെയ്ക്ക് ഇൻ ഇന്ത്യ' പദ്ധതി പ്രകാരമാണ് ഹിറ്റാച്ചി പെയ്മെന്റ് സർവീസ് പുതിയ എ.ടി.എമ്മുകൾ നിർമ്മിച്ചിരിക്കുന്നത്. എപ്പോൾ വേണമെങ്കിലും പരിഷ്കരിക്കാവുന്ന തരത്തിൽ ഇത് ആദ്യമായാണ് രാജ്യത്ത് എ.ടി.എമ്മുകൾ സ്ഥാപിക്കുന്നതെന്ന് കമ്പനി അറിയിച്ചു.

രാജ്യത്ത് നിലവിൽ 2,64,000 എടിഎമ്മുകളാണ് പ്രവർത്തിക്കുന്നത്. ഇതിൽ 76,000 എണ്ണവും ഹിറ്റാച്ചിയാണ് നിർമ്മിച്ചത്. അടുത്ത എട്ടു വർഷത്തിനുള്ളിൽ ഒരു ലക്ഷത്തോളം ക്യാഷ് റീസൈക്ലിങ് മെഷീനുകൾ സ്ഥാപിക്കാനാണ് കമ്പനി ലക്ഷ്യമിടുന്നത്. രാജ്യത്തെ പ്രധാന നഗരങ്ങളിൽ എല്ലാം ഇപ്പോൾ ബാങ്കുകൾ ക്യാഷ് റീസൈക്ലിങ് മെഷീനുകൾ ആണ് സ്ഥാപിക്കുന്നത്.

ബാങ്കിന്റെ ശാഖകളിൽ എത്തി മാത്രം പണം നിക്ഷേപിക്കുന്ന സംവിധാനം ബാങ്കുകളിൽ തിരക്ക് ഉണ്ടാക്കുന്നു എന്നത് കണക്കിലെടുത്താണ് ക്യാഷ് റീസൈക്ലിങ് മെഷീനുകൾ സ്ഥാപിക്കുന്നത്. അതേസമയം, ഗ്രാമീണ മേഖലകളിൽ എടിഎമ്മുകൾ മാത്രമാണ് ഉള്ളത്. ഇവിടെ പണം പിൻവലിക്കാൻ മാത്രമാണ് ഇടപാടുകാർക്ക് അവസരം ഉള്ളത്. കാഷ് റീസൈക്ലിങ് മെഷീനുകൾ കൂടുതലായി സജ്ജമാക്കുന്നതോടെ ഈ പ്രശ്നം പരിഹരിക്കപ്പെടും.

ഹിറ്റാച്ചി പുതിയതായി നിർമ്മിച്ച ക്യാഷ് റീസൈക്ലിങ് മെഷീനുകളിൽ യു.പി.ഐ. ഉപയോഗിച്ച് പണം പിൻവലിക്കാനും നിക്ഷേപിക്കാനും സാധിക്കും.

അടുത്തിടെയാണ് റിസർവ് ബാങ്ക് എടിഎമ്മുകളിൽ യു.പി.ഐ. വഴി പണം നിക്ഷേപിക്കാനും പിൻവലിക്കാനും ഉള്ള അവസരം ഒരുക്കണമെന്ന് ബാങ്കുകളുടെ ആവശ്യപ്പെട്ടത്.

ഇതോടെ ക്യാഷ് ഡെപ്പോസിറ്റ് മെഷീനുകളിൽ യു.പി.ഐവഴി പണം നിക്ഷേപിക്കാൻ സാധിക്കും. ഡെബിറ്റ് കാർഡ് ഉപയോഗിച്ചാണ് ഇതുവരെ പണം നിക്ഷേപിക്കാൻ കഴിഞ്ഞിരുന്നത്. യു.പി.ഐ വഴി പണം പിൻവലിക്കുന്നതോടൊപ്പം നിക്ഷേപിക്കാനും എ.ടി.എം വഴി സാധിക്കും.

●യാത്രാപ്രശ്നം പരിഹരിക്കാൻ ഇടപെടൽ

പുതിയ ബസ് റൂട്ട് നിശ്ചയിക്കാൻ ജനസദസുമായി ഗതാഗതവകുപ്പ്

തിരുവനന്തപുരം: കോവിഡിനു ശേഷം പൊതുഗതാഗത സൗകര്യം കുറഞ്ഞതോടെ സംസ്ഥാനത്തുണ്ടായ രൂക്ഷമായ യാത്രാപ്രശ്നം പരിഹരിക്കാൻ ജനസദസുമായി ഗതാഗതവകുപ്പ്.

ബസ് സർവീസ് ഇല്ലാത്തതും സർവീസ് നിന്നുപോയതുമായ റോഡുകളുടെ കണക്കെടുത്ത സമഗ്ര സർവേയുടെ അടിസ്ഥാനത്തിലാണ് ജനസദസ് നടത്താൻ മന്ത്രി കെ.ബി. ഗണേഷ്കുമാർ നിർദേശം നൽകിയത്. നിയമസഭാമണ്ഡല തലത്തിൽ ഉദ്യോഗസ്ഥരുടെയും പഞ്ചായത്ത് തലത്തിൽ ജനപ്രതിനിധികളുടെയും നാട്ടുകാരുടെയും ജനസദസ് വിളിച്ചു ചേർക്കാനാണു നിർദേശം.

നവകേരള സദസിലും യാത്രാപ്രശ്നം സംബന്ധിച്ച് ഏറെ പരാതികളുയർന്നിരുന്നു. മുവായിരത്തിലധികം റൂട്ടുകളിൽ ആവശ്യത്തിനു ബസില്ലെന്നു സർവേയിൽ കണ്ടെത്തിയിട്ടുണ്ട്. വകുപ്പുതല ഉദ്യോഗസ്ഥർ നടത്തിയ ജില്ലാതല സർവേയിൽ കണ്ടെത്തിയത്, സംസ്ഥാനത്താകെ 820 റൂട്ടുകളിൽ ബസുകളൊന്നുമില്ലെന്നാണ്.

രണ്ടായിരത്തി ഇരുനൂറിലധികം റൂട്ടുകളിൽ ബസില്ലെന്ന് കിഫ്ബിയുടെ കൺസൾട്ടിങ് ഏജൻസിയായ കിഫ്കോൺ നൽകിയ പ്രാഥമിക റിപ്പോർട്ടിലും പറയുന്നു.

കെ.എസ്.ആർ.ടി.സിയുടെ സർവീസുകൾ 6200-ൽനിന്ന് 4000 ആയി കുറഞ്ഞു. സ്വകാര്യ ബസുകൾ 25,000 ഉണ്ടായിരുന്നത് കോവിഡിനുശേഷം 7000 ആയി.

ജനസദസിന്റെ അടിസ്ഥാനത്തിൽ നിശ്ചയിക്കുന്ന റൂട്ടുകൾ വിൽപനയ്ക്കു വയ്ക്കുന്ന രീതി ഗതാഗതവകുപ്പ് പരീക്ഷിക്കും. റൂട്ടുകൾ നിശ്ചയിച്ച് ഗസറ്റ് വിജ്ഞാപനത്തിനു ശേഷം ഈ റൂട്ടുകളിൽ സർവീസ് നടത്താൻ താൽപര്യമുള്ളവരെ ക്ഷണിക്കും. കലക്ടറുടെ അധ്യക്ഷതയിൽ റീജണൽ ട്രാൻസ്പോർട്ട് അതോറിറ്റിക്കാകും നടപടികളുടെ ചുമതല. ഈ

റൂട്ടുകളിൽ സമയമനുസരിച്ച് സർവീസ് നടത്താൻ മൂന്നു സ്വകാര്യബസുകൾക്ക് അനുമതി നൽകും. റൂട്ടിനു പണം അടയ്ക്കണം. മിനി ബസുകൾക്കും സർവീസ് നടത്താം. ഇത്തരത്തിൽ ലഭിക്കുന്ന പെർമിറ്റ് കൈമാറാനും അനുമതി നൽകും. റൂട്ട് വാങ്ങി പെർമിറ്റ് എടുക്കുന്നവർക്കു മാത്രമേ സർവീസ് അനുവദിക്കൂ.

തൃശൂർ ഗവ. മെഡിക്കൽ കോളജിൽ റാഗിങ്

തൃശൂർ: ഗവ. മെഡിക്കൽ കോളജിലെ രണ്ട് ഒന്നാംവർഷ വിദ്യാർഥികളെയാണ് കോളജ് ഹോസ്റ്റലിൽ സീനിയർ വിദ്യാർഥികൾ റാഗ് ചെയ്തത്. വിദ്യാർഥികൾ കോളജ് പ്രിൻസിപ്പലിന് പരാതി നൽകുകയും കോളജിലെ ആന്റി റാഗിങ് കമ്മിറ്റിക്ക് കൈമാറിയ പരാതിയിൽ പറയുന്ന കാര്യങ്ങൾ സത്യമാണെന്ന് കണ്ടെത്തി നിയമനടപടി സ്വീകരിക്കാൻ തൃശൂർ മെഡിക്കൽ കോളജ് പോലീസിന് റിപ്പോർട്ട് കൈമാറി. റാഗിങ് നടത്തിയ പ്രതികൾക്ക് എതിരേ പോലീസ് കേസെടുത്ത് അന്വേഷണം ആരംഭിച്ചു. പ്രതികളിൽ ഒരാൾ നേപ്പാൾ സ്വദേശിയും മറ്റുള്ളവർ അന്യസംസ്ഥാന സ്വദേശികളുമാണ്.

കേരള സംസ്ഥാന ഭാഗ്യക്കുറി WIN WIN W-767 DRAW RESULT 29/04/2024

ഒന്നാം സമ്മാനം ₹75 ലക്ഷം WY 479772 തൃശ്ശൂർ

സമാശ്വാസ സമ്മാനം ₹8000: WN 479772 WO 479772 WP 479772 WR 479772 WS 479772 WT 479772 WU 479772 WV 479772 WW 479772 WX 479772 WZ 479772

രണ്ടാം സമ്മാനം ₹5 ലക്ഷം WW 608809 പാലക്കാട്

മൂന്നാം സമ്മാനം ₹1 ലക്ഷം: WN 890471 WO 951136 WP 855470 WR 210541 WS 846580 WT 630708 WU 601073 WV 605478 WW 798013 WX 112985 WY 753282 WZ 617454

താഴെ കാണുന്ന നമ്പരുകളിൽ അവസാനിക്കുന്ന ടിക്കറ്റുകൾക്ക് ആകെ സമ്മാനം ₹1000

നാലാം സമ്മാനം ₹5000: 2017 2029 2605 3629 4343 4512 5086 5725 6431 7310 7436 7993 8055 8275 8833 8906 9056 9825

അഞ്ചാം സമ്മാനം ₹2000: 0335 0835 1457 2818 3348 4641 4987 7224 7668 7747 0230 0938 1434 2982 3288 3509 4212 6069 6398 6419 7166 7694 7990 9289

ഏഴാം സമ്മാനം ₹500: 0591 0728 0752 0780 0842 0911 0985 1061 1167 1561 1630 1702 1898 2185 2484 2911 3162 3314 3355 3654 3876 4084 4248 4503 4686 4741 4760 4800 4916 4976 5061 5159 5222 5245 5299 5437 5446 5526 5539 5813 6088 6292 6594 6639 6857 6903 6933 6946 7042 7109 7316 7400 7543 7724 7786 7855 7909 8137 8245 8266 8384 8434 8564 8566 8673 8813 8927 8933 9047 9297 9498 9579 9634 9673 9735 9800 9962 9981

എട്ടാം സമ്മാനം ₹100: 0079 0120 0277 0398 0437 0537 0597 0688 0715 0764 0807 1147 1192 1555 1586 1607 1693 1822 1827 1836 1912 2068 2128 2276 2339 2374 2383 2443 2462 2579 2646 2763 2930 2953 2975 3053 3059 3134 3191 3258 3269 3342 3398 3499 3782 3854 3914 3928 4004 4030 4035 4160 4215 4233 4273 4469 4606 4791 4844 4859 4968 4990 5053 5106 5208 5501 5520 5599 5663 5780 5900 5962 5998 6160 6191 6245 6250 6291 6455 6542 6709 6749 6818 6994 7005 7267 7292 7366 7462 7548 7559 7605 7652 7836 7851 7911 7937 7973 8062 8090 8094 8225 8232 8353 8361 8458 8514 8565 8653 8713 8770 8998 9053 9196 9295 9353 9369 9391 9432 9444 9529 9557 9686 9889 9890 9951

ഫലം അറിയാൻ ഓൺലൈൻ www.statelotteries.com www.sbilotteries.com

നഷ്ടപ്പെട്ടു

ബോംബെ പാസ്പോർട്ട് ഓഫീസിൽ നിന്ന് ലഭിച്ച എന്റെ B 0532644-ാം നമ്പർ പാസ്പോർട്ട് യാത്ര മദ്ധ്യേ നഷ്ടപ്പെട്ടു. കണ്ടുകിട്ടുന്നവർ താഴെ കാണുന്ന വിലാസത്തിലോ അങ്കമാലി പോലീസ് സ്റ്റേഷനിലോ അറിയിക്കാൻ അപേക്ഷിക്കുന്നു.

പൈനാടത്ത് ഷൈജു ലോനപ്പൻ
കറുകുറ്റി, Ph: 9947554048

ആധാരം നഷ്ടപ്പെട്ടു

എനിക്കും എന്റെ സഹോദരൻ അർജുനനും കൂടി കൂട്ടായി കോതമംഗലം രജിസ്റ്ററിലെ 1970 ലെ 2342-ാം നമ്പരായി രജിസ്റ്ററാക്കിയ തീറാധാരത്തിന്റെ ഒർജിനൽ ആധാരം തിരിച്ചു കിട്ടാത്ത വിധം നഷ്ടപ്പെട്ടു പോയിട്ടുള്ളതിനാൽ ടി ആധാരത്തിന്റെ സർട്ടിഫൈഡ് കോപ്പി ഉപയോഗിച്ച് ടി വസ്തു ഞാൻ ക്രയവിക്രയം ചെയ്യുവാൻ തീരുമാനിച്ചിരിക്കുന്നു. ആക്ഷേപമുള്ളവർ ഇന്ന് മുതൽ പത്ത് ദിവസത്തിനകം എന്നെ രേഖാമൂലം അറിയിക്കുവാൻ താൽപര്യപ്പെടുന്നു. എന്ന് ടി സുകുമാരൻ
കാർത്തിക ഭവനിൽ താമസം
മണ്ണാർകുടിയിൽ (പി.ഒ)
എളങ്ങവം 686691
ഫോൺ 9400634454
എളങ്ങവം : 30/04/2024

സർവ്വെയും ഭൂരേഖയും വകുപ്പ് 1961-ലെ കേരള സർവ്വെയും അതിരടയാളവും ആക്ട് 9(2) പ്രകാരം പരസ്യപ്പെടുത്തുന്ന നോട്ടീസ്

ഡി1-851/20211 — 16.04.2024

എറണാകുളം ജില്ലയിൽ മൂവാറ്റുപുഴ താലൂക്കിൽപ്പെട്ട വാളകം വില്ലേജിൽ ഉൾപ്പെട്ടു. വരുന്ന പ്രദേശങ്ങളിലെ ഡിജിറ്റൽ സർവ്വെ * കേരള സർവ്വെയും അതിരടയാളവും ആക്ട് 9(1)' പ്രകാരം പൂർത്തിയാക്കിയിട്ടുണ്ട്. ഇപ്രകാരം തയ്യാറാക്കിയിട്ടുള്ള സർവ്വെ റിക്കാർഡുകൾ എന്റെ ഭൂമി പോർട്ടലിലും എറണാകുളം ജില്ലയിൽ മൂവാറ്റുപഴ താലൂക്കിൽപ്പെട്ട വാളകം വില്ലേജിന്റെ ഡിജിറ്റൽ സർവ്വെ ക്യാമ്പ് ഓഫീസായ പഴയ ഡോക്ടേഴ്സ് ക്വാർട്ടേഴ്സ്, മേക്കടമ്പ്, വാളകത്ത് പ്രദർശിപ്പിച്ചിട്ടുണ്ട്. ഭൂവുടമസ്ഥർക്ക് https://entebhoomi.kerala.gov.in എന്ന പോർട്ടലിൽ സന്ദർശിച്ച് തങ്ങളുടെ ഭൂമിയുടെ രേഖകൾ ഓൺലൈനായി പരിശോധിക്കാവുന്നതാണ്. കൂടാതെ എറണാകുളം ജില്ലയിൽ മൂവാറ്റുപഴ താലൂക്കിൽപ്പെട്ട വാളകം വില്ലേജിന്റെ ഡിജിറ്റൽ സർവ്വെ ക്യാമ്പ് ഓഫീസായ പഴയ ഡോക്ടേഴ്സ് ക്വാർട്ടേഴ്സ്, മേക്കടമ